(ബി) പരിശോധിക്കുന്നതാണ്.

(സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള പീഡനങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതു സംബന്ധിച്ച് പുതിയ നടപടികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. കുട്ടികളിലെ കുറ്റവാസന ഇല്ലാതാക്കാനും കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനും നിലവിലുള്ള ജില്ലകളിലെ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് പോലീസ് ഹെഡ് ക്വാർട്ടേഴ്സ് സർക്കുലർ 1/04 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## വകുപ്പുകളിലെ വിജിലൻസ് മിന്നൽപരിശോധന

153 [765] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ ഏതെല്ലാം വകുപ്പുകളിലാണ് വിജിലൻസ് വകുപ്പ് മിന്നൽപരിശോധന നടത്തിയിട്ടുള്ളത്;

(ബി) ഇത്തരം പരിശോധനയിലൂടെ രജിസ്ട്രേഷൻ, റവന്യൂ, വിൽപ്പന നികുതി, മോട്ടോർ വാഹനം, ആരോഗ്യം, ട്രാഫിക് പോലീസ്, എക്സൈസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ ഓരോന്നിലും ആയി അനധികൃതമായി സൂക്ഷിച്ച കൈക്കൂലിത്തുക എത്രവീതം കണ്ടെടുത്തു എന്നും അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) വിജിലൻസ് കേസുകളിൽപ്പെട്ട് രണ്ട് വർഷത്തിലേറെയായിട്ടും കുറ്റപത്രം നൽകിയിട്ടില്ലാത്ത എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട് എന്നും എന്തുകൊണ്ടാണ് ഇത്രയും കാലതാമസം ഇക്കാര്യത്തിൽ വരുന്നതെന്നും വിശദീകരിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ മോട്ടോർ വാഹന വകുപ്പ്, രജിസ്ട്രേഷൻ, എക്സൈസ്, വൈദ്യുതി ബോർഡ്, ഫിഷറീസ്, ട്രാഫിക് പോലീസ്, ഭക്ഷ്യ സിവിൽ സപ്ലൈസ്, സിറ്റി കോർപ്പറേഷൻ എന്നീ വകുപ്പുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തി. കൂടാതെ മോട്ടോർ വാഹനം, എക്സൈസ്, സെയിൽസ് ടാക്സ്, ഫോറസ്റ്റ് തുടങ്ങിയ ചെക്ക്പോസ്റ്റുകളിലും മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസ്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായ വകുപ്പുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ മിന്നൽ പരിശോധനയിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന 24,123 രൂപ പിടിച്ചെടുത്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ നടത്തിയ മിന്നൽ പരിശോധനയിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന 18,338 രൂപ കണ്ടെടുത്തിട്ടുണ്ട്. എക്സൈസ് ഓഫീസുകളിൽ നടത്തിയ മിന്നൽപരിശോധനയിൽ 1,24,110 രൂപ കണ്ടെടുത്തിട്ടുണ്ട്. കോർപ്പറേഷൻ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ 36,160 രൂപ പിടിച്ചെടുത്തിട്ടുണ്ട്. സിവിൽ സപ്ലൈസ് ഓഫീസുകളിൽ നിന്നും 55,878 രൂപ പിടിച്ചെടുത്തിട്ടുണ്ട്. ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നടത്തിയ മിന്നൽപരിശോധനയിൽ 49,216 രൂപ പിടിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത മിന്നൽപരിശോധനകളിൽ കണ്ടെടുത്തിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലായി 434 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 331 പേരെ സസ്പെന്റ് ചെയ്യാനും 121 പേർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) വിജിലൻസ് കേസ്സുകളിൽപ്പെട്ട് രണ്ട് വർഷത്തിലേറെയായിട്ടും കുറ്റപത്രം നൽകിയിട്ടില്ലാത്ത 199 കേസുകൾ ഇപ്പോൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുണ്ട്. അന്വേഷണവുമായി ബന്ധപ്പെട്ട് ധാരാളം റെക്കോർഡുകൾ കണ്ടെടുത്ത് പരിശോധിക്കേണ്ടതിനാലും ധാരാളം സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തേണ്ടതിനാലും ഉണ്ടാവുന്ന സാധാരണ കാലതാമസം പ്രസ്തുത കേസുകളുടെ അന്വേഷണം പൂർത്തിയാക്കാൻ ഉണ്ടായിട്ടുണ്ട്.

## സർക്കാർ ആശുപത്രികളിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി

154 [819] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ താലൂക്ക് ആശുപത്രികളിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly